(ഡി) എങ്കിൽ പരാതി അയച്ച പരാതിക്കാരന്റെ മൊഴിയെടുക്കാതെ പ്രാഥമികാന്വേഷണം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ഉണ്ടാകുന്ന ഉത്തരവിൽ പരാതിയിൽ പരാമർശിച്ചിരിക്കുന്ന ആളെപ്പറ്റിയോ മറ്റാരെയെങ്കിലും പറ്റിയോ വിപരീത അഭിപ്രായ പ്രകടനം ഉണ്ടാവുകയും ചെയ്യുന്ന സാഹചര്യത്തിൽ അതുമൂലം സങ്കടമനുഭവിക്കുന്ന ആളിനുള്ള പരിഹാരം എന്തെന്ന് പറയുമോ ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ പ്രസിഡന്റിന്റെ പരാതി

65 [775] ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്ററുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി ശ്രീ. പി. രാധാകൃഷ്ണനെതിരെ കേരള ഗവൺമെന്റ് മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ പ്രസിഡന്റ് 2005 ആഗസ്റ്റ് 16-ന് ലോകായുക്തയ്ക്ക് നൽകിയതായി പറയപ്പെടുന്ന പരാതിയെ പിൻതാങ്ങിക്കൊണ്ട് അഫിഡവിറ്റ് സമർപ്പിച്ചിരുന്നുവോ ;

(ബി) കേരള ലോകായുക്ത ആക്ടിന്റെ 9-ാം വകുപ്പിന്റെ (2)-ാം ഉപ വകുപ്പനുസരിച്ച് പരാതിയെ അഫിഡവിറ്റ് മുഖേന പിൻതാങ്ങപ്പെട്ടിരിക്കണമെന്ന് വ്യവസ്ഥയുണ്ടോ ;

(സി) ഈ വ്യവസ്ഥയിൽ ഇളവ് നൽകുവാൻ ആർക്കെങ്കിലും അധികാരം നൽകിയിട്ടുണ്ടോ ;

(ഡി) എങ്കിൽ അത് സംബന്ധിച്ച വിശദവിവരം നൽകുമോ ;

(ഇ) പ്രസ്തുത പരാതി അയച്ച കേരള ഗവൺമെന്റ് മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ പ്രസിഡന്റിൽ നിന്നും അദ്ദേഹം പരാതി അയച്ചിരുന്നുവോ എന്ന് മൊഴിയെടുത്തിരുന്നുവോ ;

(എഫ്) പ്രസ്തുത പരാതി അഫിഡവിറ്റിനാൽ പിൻതാങ്ങപ്പെടാതിരുന്നതെന്തുകൊണ്ടെന്ന് വിശദീകരിക്കുമോ ;

(ജി) മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ പ്രസിഡന്റ് അപ്രകാരമൊരു പരാതി അയച്ചിരുന്നില്ലെന്ന പത്ര റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എച്ച്) പരാതിയോടൊപ്പം അതിനെ പിൻതാങ്ങുന്ന അഫിഡവിറ്റ് ഇല്ലാതിരുന്നിട്ടും പരാതി മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ അയച്ചതാണോ എന്നുറപ്പു വരുത്താതെ കള്ളപ്പരാതിയിൽ അന്വേഷണം നടത്താനുള്ള സാഹചര്യം എന്തെന്ന് പറയുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ & എഫ്) വിവരം ശേഖരിച്ചുവരുന്നു.

(ജി) ഉണ്ട്.

(എച്ച്) വിവരം ശേഖരിച്ചുവരുന്നു.

മുൻ ആരോഗ്യ വകുപ്പുമന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിക്കെതിരെ ലോകായുക്ത അന്വേഷണം

66 [776] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
,, ജി. കാർത്തികേയൻ :
ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്ററുടെ അഡീഷണൽ പി. എസ്.-നെതിരെ ലോകായുക്ത അന്വേഷണം നടത്തിയത് കേരള ഗവൺമെന്റ് മെഡിക്കൽ അസോസിയേഷന്റെ പരാതി പ്രകാരമാണെന്ന ലോകായുക്ത യുടെ പരാമർശം തെറ്റാണെന്ന പ്രസ്തുത അസോസിയേഷൻ ഭാരവാഹികളുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെ.ജി.എം.എ. ലോകായുക്തയ്ക്ക് ഒരു പരാതിയും നൽകിയിട്ടില്ലെന്നും പരാതി നൽകിയെന്നു പറയുന്ന ലറ്റർപാഡും ഒപ്പും എല്ലാം വ്യാജമാണെന്നും ഉള്ള പ്രസ്തുത അസോസിയേഷന്റെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടുവോ;

(സി) ഇതു സംബന്ധിച്ച് പ്രസ്തുത അസോസിയേഷൻ മുഖ്യമന്ത്രിക്ക് എന്തെങ്കിലും വിശദീകരണം നൽകിയിട്ടുണ്ടോ?

ഉത്തരം

(എ & ബി) ഇക്കാര്യം സംബന്ധിച്ച് ചില പത്രവാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഔദ്യോഗികമായി ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly